ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE : 10.10.2023** **TIME : 12.30 PM**

## പ്രധാന വാർത്തകൾ

1. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് മികച്ച നേട്ടം സമ്മാനിച്ച കായികതാരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

2. ഇസ്രായേലിലുള്ള മലയാളികളുടെ സുരക്ഷ ഉറപ്പു വരുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് കത്തയച്ചു. ഇസ്രയേൽ - ഹമാസ് സംഘർഷം രൂക്ഷം.

3. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും സർവീസ് പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പിടിച്ചെടുത്ത് പ്രത്യേക നിധി രൂപീകരിക്കുമെന്ന വാർത്ത തെറ്റിദ്ധാരണാജനകമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ.

4. പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് ഇന്ന് കൊച്ചിയിൽ തുടക്കമാകും. കേന്ദ്രമന്ത്രി പർഷോത്തം റുപാല ഉദ്ഘാടനം ചെയ്യും.

5. ഐ സി സി ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെതിരെ ഇംഗ്ലണ്ടിന് ബാറ്റിങ്ങ്. ഉച്ചയ്ക്ക് രണ്ടിന് പാകിസ്ഥാൻ - ശ്രീലങ്ക മത്സരം.

*************************

ഹെഡ് ലൈൻ-1

**പ്രധാനമന്ത്രി – കായികതാരങ്ങൾ**

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ അഭിമാനം ഉയർത്തിയ കായികതാരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഗെയിംസിൽ മികച്ച നേട്ടം കൈവരിച്ച കായികതാരങ്ങളെ പ്രധാനമന്ത്രി ചടങ്ങിൽ അഭിനന്ദിക്കും. ഏഷ്യൻ ഗെയിംസിൽ 28 സ്വർണം ഉൾപ്പെടെ 107 മെഡലുകളുമായി എക്കാലത്തെയും മികച്ച പ്രകടനമായിരുന്നു ഇന്ത്യ കാഴ്ച വച്ചത്. പരിശീലകരും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻറെയും, ദേശീയ കായിക ഫെഡറേഷനുകളുടെയും പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കും. ഏഷ്യൻ ഗെയിംസിൽ ചരിത്രനേട്ടം കൈവരിച്ച കായികതാരങ്ങൾക്ക് കേന്ദ്ര കായികമന്ത്രി അനുരാഗ് സിങ് താക്കൂറും അഭിനന്ദനം രേഖപ്പെടുത്തി.

*************************

ഹെഡ് ലൈൻ-2

**മുഖ്യമന്ത്രി - കത്തയച്ചു**

ഇസ്രായേലിലുള്ള മലയാളികളുടെ സുരക്ഷ ഉറപ്പു വരുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറിന് കത്തയച്ചു. കേരളത്തിൽ നിന്ന് ഏഴായിരത്തോളം പേർ ഇസ്രായേലിൽ കഴിയുന്നതായും ഇവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നും മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

*************************

**ഇസ്രയേൽ-ഹമാസ്**

പശ്ചിമേഷ്യയിൽ കടുത്ത ആശങ്ക വിതച്ച് ഇസ്രയേൽ-ഹമാസ് സംഘർഷം. കര യുദ്ധത്തിലേക്ക്. സംഘർഷത്തിൽ ഇതുവരെ 1,600 പേർ കൊല്ലപ്പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്. 900 ഇസ്രയേൽ പൗരന്മാർ കൊല്ലപ്പെടുകയും 2,600-ലേറെ പേർക്ക് പരിക്കേറ്റതായും നിരവധി പേരെ ഹമാസ് തടങ്കലിലാക്കിയതായും വിവിധ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇസ്രയേൽ പ്രത്യാക്രമണത്തിൽ **687** പേരാണ് ഇതുവരെ കൊല്ലപ്പെട്ടത്. **3,726** പേർക്ക് പരിക്കേറ്റു. ഗാസയിൽ അതിരൂക്ഷമായ സംഘർഷം തുടരുകയാണെന്നാണ് റിപ്പോർട്ട്.

**************************

**ഹെഡ് ലൈൻ-4**

**പർഷോത്തം റൂപാല**

പതിനാറാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് കൊച്ചിയിൽ ഇന്ന് തിരി തെളിയും. കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരോൽപാദന മന്ത്രി പർഷോത്തം രുപാല ഉദ്ഘാടനം ചെയ്യും. രാജ്യത്തെ കാർഷിക, കാർഷികാനുബന്ധ മേഖലകളിലെ സുപ്രധാന പഠനങ്ങളും വികസന പ്രവർത്തനങ്ങളും ചർച്ചചെയ്യുന്ന സമ്മേളനം ഇതാദ്യമായാണ് സംസ്ഥാനത്ത് സംഘടിപ്പിക്കുന്നത്. പ്രമുഖ അക്കാദമിക് വിദഗ്ധർ, ഗവേഷകർ, കർഷകർ, സംരംഭകർ തുടങ്ങിയവർ നാല് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കും. **"സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക-ഭക്ഷ്യ സംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ "** എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം.

പാരിസ്ഥിതിക ശോഷണം, കാലാവസ്ഥ വ്യതിയാനങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ

കാർഷിക ഭക്ഷ്യ സംവിധാനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സമ്മേളനം ചർച്ച ചെയ്യും.
*************************

ഹെഡ് ലൈൻ-3

**കെ എൻ ബാലഗോപാൽ**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൻറെയും സർവീസ് പെൻഷൻകാരുടെ പെൻഷന്റെയും ഒരു ഭാഗം പിടിച്ചെടുത്ത് പ്രത്യേക നിധി രൂപീകരിക്കും എന്ന വാർത്ത തെറ്റിദ്ധരിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. സർക്കാരിനെ അപകീർത്തിപ്പെടുത്താനായി സൃഷ്ടിക്കുന്ന ഇത്തരം വ്യാജ വാർത്തകളെ കേരളീയ പൊതു സമൂഹം തള്ളിക്കളയുമെന്നും മന്ത്രി ഫെയ്സ്ബുക്കിൽ കുറിച്ചു.
*************************

**ജി.ആർ. അനിൽ**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 15,000 കുടുംബങ്ങൾക്കുള്ള എഎവൈ കാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് മന്ത്രി ജി.ആർ അനിൽ നിർവഹിക്കും. റേഷൻകാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിനും പുതിയ വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനുമുള്ള **'തെളിമ'** പദ്ധതിയുടെ മൂന്നാം ഘട്ടം ഉദ്ഘാടനവും ഇതിനോടനുബന്ധിച്ച് നടക്കും.
*************************

**ആർ ബിന്ദു**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റം കൊണ്ടുവരുമെന്ന് മന്ത്രി ആർ ബിന്ദു. പെരിന്തൽമണ്ണ ഗവ. കോളജിലെ അക്കാദമിക് ബ്ലോക്ക്, കാന്റീൻ കെട്ടിടങ്ങളുടെ ഉദ്ഘാടനവും പുതുതായി ലഭിച്ച നാക് ഗ്രേഡ് പ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചക്ക് വേണ്ടി നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ കോളേജുകളിലെ പഠന രീതി ഗുണപരമായ മാറ്റങ്ങളോടെയാകും നടപ്പാക്കുക. വിദ്യാർഥികളുടെ സർഗവാസനകളെ കൂടുതൽ മെച്ചപ്പെടുത്തും വിധം വിദ്യാർഥി കേന്ദ്രീകൃത വിദ്യാഭ്യാസ നയമാണ് സ്വീകരിക്കുക. സാങ്കേതിക വിദ്യയുടെ വളർച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രയോജനപ്പെടുത്തണമെന്നും കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ലോകോത്തര നിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

*************************

**ചെറുതോണി മൂന്നാർ ബോഡിമെട്ട്**

ചെറുതോണി പാലത്തിന്റെയും, മൂന്നാർ-ബോഡിമെട്ട് റോഡിൻറെയും ഉദ്ഘാടനം കേന്ദ്രമന്ത്രി  നിധിൻ ഗഡ്ഗരി വ്യാഴാഴ്ച നിർവ്വഹിക്കും.   മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോട്സ് സെൻറർ ഗ്രൗണ്ടിൽ ശ്രീ നിധിൻ ഗഡ്ഗരിയും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്നാണ് ഉദ്ഘാടനം നിർവ്വഹിക്കുക. കാസറഗോട് നടക്കുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനവും പദ്ധതി സമർപ്പണത്തിനും ശേഷമാവും കേന്ദ്രമന്ത്രി മൂന്നാറിൽ എത്തുക.  ചടങ്ങിൽ കേന്ദ്ര സഹമന്ത്രിമാരായ  വി.കെ. സിങ്ങ്, വി. മുരളീധരൻ,

സംസ്ഥാന മന്ത്രിമാരായ  പി.എ. മുഹമ്മദ് റിയാസ്, റോഷി അഗസ്റ്റിൻ തുടങ്ങിയവർ പങ്കെടുക്കും.

*************************

**സ്റ്റേഡിയം – ധാരണാപത്രം**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നതിനുള്ള ധാരണാ പത്രം ഒപ്പുവച്ചു.  മന്ത്രിമാരായ ആർ. ബിന്ദു, വി.എൻ. വാസവൻ, വി. അബ്ദുറഹിമാൻ  തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്.  സംസ്ഥാന സർക്കാർ കിഫ്ബി ഫണ്ടിൽനിന്ന് 57 കോടി രൂപ ചിലവിട്ടാണ് സർവകലാശാലാ കാമ്പസിന് സമീപമുള്ള നിലവിലെ ഗ്രൗണ്ടിൽ വിപുല സൗകര്യങ്ങളോടെ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമിക്കുന്നത്.

*************************

**ബ്രൂസല്ലോസിസ്**

മൃഗങ്ങളിൽ നിന്നും പകരുന്ന ജന്തുജന്യ രോഗങ്ങളിൽ ഒന്നായ ബ്രൂസല്ലോസിസ് തിരുവനന്തപുരത്ത് സ്ഥിരീകരിച്ചു. വെമ്പായത്ത്  ക്ഷീര കർഷകനായ യുവാവിനും പിതാവിനുമാണ് രോഗം കണ്ടെത്തിയത്. ഒരാഴ്ച മുമ്പാണ് ഇരുവരിലും രോഗലക്ഷണങ്ങൾ പ്രകടമായത്. അസുഖം നിയന്ത്രണ വിധേയമാണ്. വീട്ടിലെ മറ്റുള്ളവർക്ക് പരിശോധന നടത്തിയെങ്കിലും അസുഖം കണ്ടെത്താനായിട്ടില്ല.

*************************

**അമൃത് 2.0 – ഇടുക്കി**

കേന്ദ്രസർക്കാർ നടപ്പാക്കുന്ന **അമൃത് 2.0** സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ തൊടുപുഴ നഗരസഭാതല ഉദ്ഘാടനം സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിച്ചു. നഗരസഭയിലെ 35 വാർഡുകളിലും

കുടിവെള്ളക്ഷാമം നേരിടുന്ന എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ എത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 9.64 കോടി രൂപ ചിലവഴിച്ച് 2000 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്ന പദ്ധതി നാല് പാക്കേജുകളായാണ് നടപ്പിലാക്കുക.

*************************

**നവകേരള സദസ്സ്**

സംസ്ഥാന സർക്കാരിന്റെ വികസന പദ്ധതികളും വരുംകാല വികസന കാഴ്ചപ്പാടുകളും ജനങ്ങളിലേക്കെത്തിക്കാനും ജനങ്ങളുമായി സംവദിക്കാനും സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും മുഖ്യമന്ത്രിയുടെയും 20 മന്ത്രിമാരുടെയും നേതൃത്വത്തിൽ നടത്തുന്ന നവകേരള സദസ്സ് അടുത്തമാസം 18-ന് കാസർഗോഡ് മഞ്ചേശ്വരം മണ്ഡലത്തിൽ നിന്ന് ആരംഭിക്കും. നവകേരള സദസ്സിന്റെ സംഘാടക സമിതി രൂപീകരണ യോഗം ചേർന്നു.

*************************

**ഇടുക്കി – (ഇൻട്രോ)**

സുഗന്ധവ്യഞ്ജന കൃഷിക്കും മൂല്യവർധിത ഉൽപന്ന വ്യവയസായത്തിനും വലിയ പ്രതീക്ഷയേകി ഇടുക്കി തുടങ്ങനാട്ടിലെ കിൻഫ്ര സ്പൈസസ് പാർക്ക് യാഥാർത്ഥ്യത്തിലേക്ക്. പാർക്കിന്റെ ഉദ്ഘാടനം ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി**
**രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.**

**(വോയിസ്.......)**

*************************

ഹെഡ് ലൈൻ-5

**ക്രിക്കറ്റ്**

ഐ സി സി ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശ്- ഇംഗ്ലണ്ട് മത്സരം പുരോഗമിക്കുന്നു. ധരംശാലയിൽ ടോസ് നേടിയ ബംഗ്ലാദേശ് ഇംഗ്ലണ്ടിനെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 27 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 165 റൺസ് നേടിയിട്ടുണ്ട്. ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ പാക്കിസ്ഥാൻ ശ്രീലങ്കയെ നേരിടും. ഉച്ചക്ക് രണ്ടിന് ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

*************************

**സ്വർണ്ണക്കടത്ത്**

കരിപ്പൂരിൽ സ്വർണ്ണക്കടത്തിന് ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശ. സിഐഎസ്എഫിലെയും കസ്റ്റംസിലെയും ഉന്നത ഉദ്യോഗസ്ഥരുടെ സഹായത്തോടെ സ്വർണ്ണക്കടത്ത് നടന്നതായി പൊലീസിന് തെളിവ് ലഭിച്ചു. സംഘം കരിപ്പൂർ വഴി 60 പ്രാവശ്യം സ്വർണം കടത്തിയെന്നാണ് കണ്ടെത്തൽ. മലപ്പുറം എസ്.പി എസ് സുജിത് ദാസിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘം നടത്തിയ അന്വേഷണത്തിലാണ് തെളിവുകൾ ലഭിച്ചത്.

*************************

**നാടക മത്സര അവാർഡ്**

കേരള സംഗീത നാടക അക്കാദമി സംസ്ഥാന പ്രൊഫഷണൽ നാടക മത്സര അവാർഡ് സമർപ്പണ പരിപാടിക്ക് തുടക്കമായി. **അലോഷി പാടുന്നു** എന്ന പരിപാടിയോടെ അവാർഡ് സമർപ്പണത്തിന് എടപ്പാളിൽ തുടക്കമായി. സാംസ്കാരിക പരിപാടി ഡോ.കെ.ടി. ജലീൽ എം.എൽ. എ ഉദ്ഘാടനം ചെയ്യു. ഇന്ന് 2022 ലെ സംസ്ഥാന പ്രൊഫഷണൽ

നാടക മത്സര അവാർഡ് സമർപ്പണ ചടങ്ങ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.

*************************

**മഴ – സംസ്ഥാനം**

സംസ്ഥാനത്ത്  കൂടുതൽ ജില്ലകളിൽ അടുത്ത ദിവസങ്ങളിൽ മഴ ശക്തമാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട് വയനാട് കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**************************************************

*************************

*********